ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.03.2025**

## പ്രധാനവാർത്തകൾ

1). കുട്ടികളിൽ വർദ്ധിച്ചുവരുന്ന അക്രമസ്വഭാവം ഗൗരവമേറിയ വിഷയമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരിയ്ക്കെതിരെ നടപടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതായി നിയമസഭയിൽ പ്രതിപക്ഷം.

2). സ്വകാര്യ സർവകലാശാല ബിൽ ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു നിയമസഭയിൽ അവതരിപ്പിച്ചു.

3). പാലിയേറ്റീവ് പരിചരണം ഏകോപിപ്പിക്കുന്നതിനുള്ള 'കേരള കെയർ' ഗ്രിഡിന് സംസ്ഥാനത്ത് തുടക്കം.

4). വയനാട് ഉരുൾപ്പൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനുള്ള മൂന്നാം ഘട്ട കരട് പട്ടിക പ്രസിദ്ധീകരിച്ചു.

5). രഞ്ജി ട്രോഫി ഫൈനലിൽ എത്തിയ കേരള ടീമിനെ സംസ്ഥാന സർക്കാർ നാളെ ആദരിക്കും.

6) ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ നാളെ ഓസ്ട്രേലിയയെ നേരിടും.

RNU TVPM

===============================================================

**മുഖ്യമന്ത്രി നിയമസഭ - (ഇൻട്രോ)**

കുട്ടികളിൽ വർദ്ധിച്ചുവരുന്ന അക്രമസ്വഭാവം ഗൗരവമേറിയ വിഷയമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

താമരശ്ശേരിയിൽ വിദ്യാർത്ഥി കൊല്ലപ്പെട്ടത് ഉൾപ്പെടെ സംസ്ഥാനത്തുണ്ടാകുന്ന അക്രമ സംഭവങ്ങൾ സംബന്ധിച്ച് പ്രതിപക്ഷം കൊണ്ട് വന്ന ഉപക്ഷേപത്തിൽ, നിയമസഭയിൽ മറുപടി പറയുകയായിരുന്നു അദ്ദേഹം.

പൊതുസമൂഹത്തിൻറെ വികാരം പൂർണ്ണമായും സർക്കാർ കണക്കിലെടുക്കുന്നതായും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമനടപടികളും സർക്കാർ കൈക്കൊള്ളുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് ഫോർ ബൈറ്റ് ......................)**

വിദ്യാർത്ഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അദ്ധ്യാപക - രക്ഷാകർത്യ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് ലഹരിക്കതിരെ വിപുലമായ കർമ്മപദ്ധതി തയ്യാറാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പ്രതിപക്ഷത്ത് നിന്ന് രമേശ് ചെന്നിത്തലയാണ് ഉപക്ഷേപം സഭയിൽ അവതരിപ്പിച്ചത്. കേരളസമൂഹം ഒറ്റക്കെട്ടായി ലഹരിക്കെതിരെ അണിനിരക്കണമെന്നും യുവത്വത്തെ കാർന്നു തിന്നുന്ന ലഹരിയ്ക്കെതിരെ നടപടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതായും അദ്ദേഹം ചൂണ്ടിക്കാട്ടി. എല്ലാവരെയും ഉത്കണ്ഠയിലാക്കുന്ന സംഭവങ്ങളാണ് സംസ്ഥാനത്ത് ഉണ്ടാവുന്നതെന്നും, കേരളത്തിൽ മയക്കുമരുന്ന് എവിടെയും ലഭിക്കുമെന്ന നിലയാണെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു.

RNU TVPM

==========================================================

**<u>നിയമസഭ 2</u>**

സ്വകാര്യ സർവകലാശാല ബില്ലും, സർവകലാശാലാ നിയമ ഭേദഗതി ബില്ലും ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചു. ഗവർണറുടെ മുൻകൂർ അനുമതി ലഭിക്കാത്തതിനാൽ സർവകലാശാല നിയമ ഭേദഗതി രണ്ടാം ബിൽ സഭ ഇന്ന് പരിഗണിച്ചില്ല. ആശാ വർക്കർമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്നും, ആശമാരുടെ പ്രവർത്തനത്തെ വളരെ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നതെന്നും ആരോഗ്യമന്ത്രി വീണാ ജോർജ് നിയമസഭയിൽ വ്യക്തമാക്കി. കെ ശാന്തകുമാരിയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി. പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണശാല വരുന്നത് ജലദൗർലഭ്യതക്ക് ഇടയാക്കില്ലെന്ന് മന്ത്രി എംബി രാജേഷ് ചോദ്യോത്തരവേളയിൽ നിയമസഭയിൽ പറഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സ്പിരിറ്റ് എത്തിക്കുന്നതിലൂടെ 100 കോടിയോളം രൂപയുടെ ജി എസ് ടി നഷ്ടം സംസ്ഥാനത്തിന് ഉണ്ടാകുന്നതായും മന്ത്രി വ്യക്തമാക്കി.

RNU TVPM

==========================================================

**<u>കേരള കെയർ മുഖ്യമന്ത്രി</u>**

പാലിയേറ്റീവ് പരിചരണം ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാന ആരോഗ്യ വകുപ്പിൻറെ 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പുതിയ രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷനും പരിശീലനവും , പാലിയേറ്റീവ് രംഗത്തെ

സന്നദ്ധ സംഘടനകളുടെ രജിസ്ട്രേഷൻ, പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ് എന്നിവയാണ് പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ നടപ്പിലാക്കുന്നത്.

==================================================

## വയനാട് പട്ടിക

വയനാട് മുണ്ടക്കൈ- ചൂരൽമല ഉരുൾപ്പൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് വേണ്ടിയുള്ള മൂന്നാം ഘട്ട കരട് പട്ടിക പ്രസിദ്ധീകരിച്ചു. വാർഡ് പത്തിൽ 18 കുടുംബങ്ങളും വാർഡ് 11 ൽ 37 കുടുംബങ്ങളും വാർഡ് 12 ൽ 15 കുടുംബങ്ങളുമാണ് ഉൾപ്പെട്ടത്. പട്ടികയിൽ ആക്ഷേപവും പരാതികളുമുണ്ടെങ്കിൽ ഈ മാസം 13 വരെ അറിയിക്കാം.

==================================================

## എസ് എസ്എൽസി

സംസ്ഥാനത്ത് SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് തുടക്കമായി. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്. ഹയർ സെക്കൻററി ഒന്നും രണ്ടും വർഷ പരീക്ഷകൾ 11 ലക്ഷത്തി 74,000 ലധികം കുട്ടികൾ എഴുതുന്നുണ്ട്. ഈ മാസം 26 ന് പരീക്ഷകൾ അവസാനിക്കും.

PNU TVPM

==================================================

## മുഖ്യമന്ത്രി - കേരള പി.എസ്.സി

രാജ്യത്തെ ഏറ്റവും മികച്ച പബ്ലിക് സർവീസ് കമ്മീഷനാണ് കേരളത്തിലുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് കേരള പി എസ് സിയുടെ മ്യൂസിയം ഉദ്ഘാടനവും ഹരിത ക്യാമ്പസ് പ്രഖ്യാപനവും നടത്തുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ എട്ടര വർഷത്തിൽ

രണ്ടേ മുക്കാൽ ലക്ഷം നിയമനങ്ങൾ കേരള പി എസ് സി നടത്തിയതായും മുഖ്യമന്ത്രി പറഞ്ഞു.

==========================================================

**ബ്രേക്ക്....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================================

**മുഖ്യമന്ത്രി വിഴിഞ്ഞം**

ഫെബ്രുവരി മാസത്തിൽ കൈകാര്യം ചെയ്ത ചരക്കിൻറെ അളവിൽ ഇന്ത്യയിലെ തെക്കു, കിഴക്കൻ മേഖലകളിലെ 15 തുറമുഖങ്ങളിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒന്നാം സ്ഥാനത്ത് . 40 കപ്പലുകളിൽ നിന്നായി 78,833 T.E.U. ചരക്കാണ് ഫെബ്രുവരിയിൽ വിഴിഞ്ഞം കൈകാര്യം ചെയ്തത്.

RAJU TVPM

==========================================================

**ഓപ്പറേഷൻ ഡീ ഹണ്ട്**

ഓപ്പറേഷൻ ഡി -ഹണ്ടിൻറെ ഭാഗമായി ഫെബ്രുവരി 22 മുതൽ മാർച്ച് ഒന്നു വരെ സംസ്ഥാനവ്യാപകമായി നടത്തിയ പരിശോധനയിൽ നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 2,762 കേസുകൾ രജിസ്റ്റർ ചെയ്തതായി കേരളാ പോലീസ്. 2,854 പേരാണ് അറസ്റ്റിലായത്. രാജ്യാന്തര വിപണിയിൽ ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന മാരക മയക്കുമരുന്നുകളും ഇവരിൽ നിന്ന് പിടിച്ചെടുത്തു.

==========================================================

**പാലാ നഗരസഭാ ചെയർമാൻ**

പാലാ നഗരസഭാ ചെയർമാനായി കേരളാ കോൺഗ്രസ് (എം) അംഗം തോമസ് പീറ്ററെ തെരഞ്ഞെടുത്തു.യു.ഡി.എഫ് സ്ഥാനാർത്ഥി ജോസ് എടേട്ടിനെ, 9-നെതിരെ 16 വോട്ടുകൾക്ക് തോമസ് പീറ്റർ പരാജയപ്പെടുത്തി.

**തൃശൂർ തീപിടുത്തം**

തൃശ്ശൂർ മുണ്ടൂരിൽ ഓയിൽ ഗോഡൗണിന് തീയിട്ട സംഭവത്തിൽ മുൻജീവനക്കാരൻ പോലീസിന് മുന്നിൽ കീഴടങ്ങി. ജോലിയിൽ നിന്നും പിരിച്ചുവിട്ട വൈരാഗ്യത്തിലാണ് കൃത്യം ചെയ്തതെന്ന് പ്രതി ടിറ്റോ പോലീസിന് മൊഴി നൽകിയിട്ടുണ്ട്. ഗോഡൗൺ പൂർണമായും കത്തി നശിച്ച് ലക്ഷങ്ങളുടെ നാശനഷ്ടമാണ് ഉണ്ടായത്.

**പ്രതിഷേധ മാർച്ച്**

സ്വകാര്യ സർവകലാശാല ബില്ലിനെതിരെ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസിൻറെയും കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻറെയും നേതൃത്വത്തിൽ സർവകലാശാല ജീവനക്കാരും കോളേജ് അധ്യാപകരും നിയമസഭയിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. സംസ്ഥാനത്തെ സർവകലാശാലകളിലെ 40 ശതമാനത്തോളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന അവസരത്തിൽ സ്വകാര്യ സർവകലാശാലകൾ ആരംഭിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്മാറണമെന്ന് സംഘടനാ നേതാക്കൾ ആവശ്യപ്പെട്ടു.

**യു.ഡി.എഫ് മാർച്ച്**

സംസ്ഥാനത്ത് വർധിച്ചുവരുന്ന കൊലപാതകങ്ങൾക്കും ലഹരി വ്യാപനത്തിനുമെതിരെ സെക്രട്ടറിയേറ്റിന് മുന്നിൽ യുഡിഎഫ് മറ്റന്നാൾ മാർച്ചും ഉപവാസ സമരവും നടത്തും. പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഉപവാസ സമരം ഉദ്ഘാടനം ചെയ്യും.

PNUTVPM

**ആശാ വർക്കർ - ബിജെപി മാർച്ച്**

ആശാ വർക്കർമാരോട് സർക്കാർ കാണിക്കുന്ന അനാസ്ഥയ്ക്കെതിരെ ബിജെപി നാളെ സെക്രട്ടറിയേറ്റ് മാർച്ച് നടത്തും. പാർട്ടി സംസ്ഥാന പ്രസിഡൻറ് കെ സുരേന്ദ്രൻ ഉദ്ഘടനം ചെയ്യും.

==========================================================

**ഓണാട്ടുകര കുംഭഭരണി - (ഇൻട്രോ)**

ഓണാട്ടുകരയുടെ മഹോത്സവമായ ചെട്ടികുളങ്ങര കുംഭഭരണി നാളെ. കുത്തിയോട്ടവും കെട്ടുകാഴ്ചയുമാണ് കുംഭഭരണിയുടെ പ്രത്യേകത. മാവേലിക്കര, കാർത്തികപള്ളി താലൂക്കുകളിൽ നാളെ പ്രാദേശിക അവധിയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**
**(വോയിസ്..........)**

RNU TVPM

==========================================================

**മനുഷ്യാവകാശ കമ്മീഷൻ**

തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിൽ മനുഷ്യാവകാശ കമ്മീഷൻ പരിശോധന നടത്തി. മാനസികാരോഗ്യകേന്ദ്രത്തിലെ അന്തേവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പരാതി ലഭിച്ചതിനെ തുടർന്നായിരുന്നു സന്ദർശനം. ആശുപത്രി സൂപ്രണ്ട്, ഡോക്ടർമാർ എന്നിവരുമായും കമ്മീഷൻ ചർച്ച നടത്തി. വിശദമായ റിപ്പോർട്ട് കമ്മീഷൻ സർക്കാരിന് നൽകും.

==========================================================

**ഇടുക്കി വനംവകുപ്പ് - (ഇൻട്രോ)**

വേനൽക്കാലത്ത് വന്യമൃഗങ്ങൾ കാട് വിട്ട് ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് കുറയ്ക്കാൻ വനത്തിനുള്ളിൽ കുളം കുത്തുന്നത് ഉൾപ്പെടെയുള്ള നടപടികളുമായി വനം വകുപ്പ്.

**വിശദാംശങ്ങളുമായി ഇടുക്കിയിൽ നിന്നും**
**ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ...**
**(ഹോൾഡ് വോയ്സ്.........)**

==========================================================

**രഞ്ജി ട്രോഫി - ആദരം**

ചരിത്രത്തിൽ ആദ്യമായി രഞ്ജി ട്രോഫി ഫൈനലിൽ എത്തിയ കേരള ടീമിനെ സംസ്ഥാന സർക്കാർ നാളെ ആദരിക്കും. തിരുവനന്തപുരത്ത് നടക്കുന്ന അനുമോദന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ, കായികമന്ത്രി അബ്ദു റഹിമാൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മന്ത്രിമാർ, സ്പീക്കർ, കെസിഎ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും.

RNU TVPM

==========================================================

**ചാമ്പ്യൻസ് ട്രോഫി**

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ നാളെ ഓസ്ട്രേലിയയെ നേരിടും. ദുബായ് ഇൻറർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30-നാണ് മത്സരം. രണ്ടാം സെമി മറ്റന്നാൾ ദക്ഷിണാഫ്രിക്കയും ന്യൂസിലൻഡും തമ്മിലാണ്.

==============

=================================

==========================================================